(ബി) ഒരു കിലോമീറ്റർ റോഡിന് ഈ പദ്ധതിയിൻകീഴിൽ കണക്കാക്കിയിട്ടുള്ള ചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഒരു കിലോമീറ്റർ ദേശീയപാത നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് നിലവിൽ ചെലവാക്കാവുന്ന തുക എത്ര;

(ഡി) അറ്റകുറ്റപ്പണികൾ ആവശ്യമില്ലാത്ത റോഡുകളും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടതായി പരാതി ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) ഈ പദ്ധതിയിൽ റോഡു പുനർനിർമ്മാണത്തിനുള്ള (അപ്ഗ്രഡേഷൻ) 6 പദ്ധതികളും, റോഡുകൾ മെച്ചപ്പെടുത്തുന്നതിനുള്ള (മെയിന്റനൻസ്) 36 പദ്ധതികളും ഒരു ജലപാത പദ്ധതിയും ഉൾപ്പെടെ 43 പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയ 13 റോഡുകളുടെ (339 കി.മീ.) പണികൾ പൂർത്തിയായി. 254 കി. മീ. ദൂരം പുനർനിർമ്മാണ പണികൾ ആരംഭിച്ചുകഴിഞ്ഞു. രണ്ടാം വർഷ അറ്റകുറ്റപ്പണികൾ 13 റോഡ് (335 കി.മീ.) കരാർ നൽകി പണി ആരംഭിച്ചുകഴിഞ്ഞു. രണ്ടാംഘട്ട അപ്ഗ്രഡേഷൻ പണികൾ ഈ വർഷം ആരംഭിക്കുന്നതാണ്. ഉൾനാടൻ ജലപാത വികസനപണികളും പ്രാരംഭഘട്ടത്തിലാണ്.

(ബി) ഈ പദ്ധതിയിൽ ഒരു കി. മീ. റോഡിന് അപ്ഗ്രഡേഷന് ഉദ്ദേശം 148 ലക്ഷം രൂപ, മെയിന്റനൻസിന് 30 ലക്ഷം രൂപ.

(സി) ഒരു കിലോമീറ്റർ ദേശീയപാത നിർമ്മാണത്തിന് അപ്ഗ്രഡേഷന് ശരാശരി 188 ലക്ഷം. മെയിന്റനൻസിന് 30 ലക്ഷം രൂപ.

(ഡി) അങ്ങനെ പരാതികൾ ഉണ്ടായിട്ടില്ല.

സമ്പൂർണ്ണ പാർപ്പിട പദ്ധതി

*19 [1398] ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്:
„ ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ പാർപ്പിട പദ്ധതി എന്നത്തേയ്ക്ക് ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നറിയിക്കുമോ;

(ബി) സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ ഏതെല്ലാം വിഭാഗങ്ങളെ ഉൾപ്പെടുത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും ആയതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ;

(സി) ഏതെങ്കിലും ഏജൻസിയുടെ സഹായത്തോടെയാണോ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും എങ്കിൽ ഏത് ഏജൻസിയാണെന്നും അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സമ്പൂർണ്ണ പാർപ്പിട പദ്ധതിയിലൂടെ സംസ്ഥാനത്തെ എത്ര കുടുംബങ്ങൾക്ക് പാർപ്പിടങ്ങൾ ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് അറിയിക്കാമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) ജില്ലാ പഞ്ചായത്തുകൾ നോഡൽ ഏജൻസിയായി തിരുവനന്തപുരം, കൊല്ലം, ഇടുക്കി, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ സമ്പൂർണ്ണ പാർപ്പിട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നു. പാർപ്പിട പദ്ധതി ഏറ്റെടുത്തു നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പ്രോജക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഗുണഭോക്താക്കളും സംയുക്തമായാണ് ഇതിന്റെ ചെലവ് വഹിക്കേണ്ടത്. വിവിധ ജില്ലാ പഞ്ചായത്തുകൾ വ്യത്യസ്ത പേരുകളിലാണ് ഇത് നടപ്പാക്കുന്നത്. ഇപ്രകാരം തിരുവനന്തപുരം, കൊല്ലം ജില്ലാ പഞ്ചായത്തുകൾ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഒന്നാംഘട്ടം യഥാക്രമം തണൽ, ജനകീയ പാർപ്പിട പദ്ധതി എന്നീ പേരുകളിൽ ആരംഭിച്ച് ഏകദേശം പൂർത്തിയാക്കിക്കഴിഞ്ഞു.

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ ജനകീയ ഭവന പദ്ധതി 2003 മേയ് മുതൽ നടപ്പാക്കി വരികയാണ്. ഇടുക്കി ജില്ലാ പഞ്ചായത്തിന് ഹഡ്കോ വായ്പ ലഭ്യമാകാത്ത സാഹചര്യത്തിൽ സമ്പൂർണ്ണ ഭവന പദ്ധതി നടപ്പിലാക്കുന്നില്ല.

ആലപ്പുഴ ജില്ലാ പഞ്ചായത്ത് അഭയം എന്ന പേരിൽ 2000-01-ൽ സമ്പൂർണ്ണ ഭവന പദ്ധതി ആരംഭിച്ചുവെങ്കിലും ഹഡ്കോ വായ്പ ലഭ്യമാകാത്തതിനാൽ പ്രസ്തുത പദ്ധതി ഉപേക്ഷിക്കുകയും ത്രിതല പഞ്ചായത്തുകളുടെ സ്വന്തം പദ്ധതി വിഹിതത്തിൽനിന്നും ഫണ്ട് വകയിരുത്തി ഗ്രാമപഞ്ചായത്തുകൾക്ക് നിർവ്വഹണച്ചുമതലയുള്ള പദ്ധതി ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

തൃശൂർ ജില്ലയിൽ ജില്ലാ ആസൂത്രണ സമിതിയും ഹഡ്കോയും സംയുക്തമായി ഏറ്റെടുത്ത സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാവർക്കും പാർപ്പിടം നൽകുക എന്ന സർക്കാർ നയപ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ പഞ്ചായത്തുകൾ ജില്ലയിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഭവനരഹിതർക്ക് പാർപ്പിടം നൽകുന്നതിനായി സമ്പൂർണ്ണ പാർപ്പിട പദ്ധതികൾ ആവിഷ്കരിച്ചത്.

(സി) തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയുടെ ഒന്നാംഘട്ടം കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ സഹായത്തോടെ പൂർത്തിയാക്കി. കൊല്ലം ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയുടെ ഒന്നാം ഘട്ടം, എറണാകുളം, തൃശൂർ ജില്ലാ പഞ്ചായത്തുകളുടെ പദ്ധതികൾ എന്നിവ ഹഡ്കോ സഹായത്തോടെയുള്ളതാണ്. ആലപ്പുഴ ജില്ലാ പഞ്ചായത്ത് ത്രിതല പഞ്ചായത്തുകളുടെ സ്വന്തം പദ്ധതി വിഹിതത്തിൽനിന്നും തുക വകയിരുത്തി പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ തണൽ പദ്ധതിയുടെ ഒന്നാം ഘട്ടത്തിലൂടെ 29,872 കുടുംബങ്ങൾക്ക് പാർപ്പിടം ഒരുക്കി. കൊല്ലം ജില്ലാ പഞ്ചായത്തിന്റെ ജനകീയ പാർപ്പിട പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 25,000 വീടുകൾ പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിന്റെ ആദ്യഭാഗമായി 18,000 വീടുകൾക്ക് സഹായം നൽകാൻ ഉദ്ദേശിക്കുന്നു. എറണാകുളം ജില്ലാ പഞ്ചായത്തിന്റെ ജനകീയ ഭവന പദ്ധതിപ്രകാരം 9,600 ഭവനരഹിതർക്ക്

LIBRARY ARCHIVES Kerala Legislative Assembly

പാർപ്പിടം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ പദ്ധതി പ്രകാരം 12,000 കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യം ഒരുക്കുവാൻ ഉദ്ദേശിക്കുന്നു. തൃശൂർ ജില്ലാ പഞ്ചായത്തിന്റെ സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി 1337 വീടുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്. അതിൽ 199 വീടുകൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

ഗവൺമെന്റ് ഹൈസ്കൂളുകളിൽ പ്ലസ്ടു, വി.എച്ച്.എസ്.ഇ. കോഴ്സുകൾ അനുവദിക്കാൻ നടപടി

*20 [140] ശ്രീ. കെ. ഒക. ഷാജു:

„ ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ്ടു, വി.എച്ച്.എസ്.ഇ. കോഴ്സുകൾ ആരംഭിച്ചിട്ടില്ലാത്ത ഗവൺമെന്റ് ഹൈസ്കൂളുകളിൽ പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് നയം വിശദമാക്കുമോ;

(ബി) ഗവൺമെന്റ് ഹൈസ്കൂളുകളിൽ പ്രസ്തുത കോഴ്സുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഗ്രാമീണ പിന്നോക്ക മേഖലകൾക്ക് പ്രത്യേക പ്രാധാന്യം നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇത്തരം കോഴ്സുകൾ അനുവദിക്കുന്നതോടൊപ്പം ഗവൺമെന്റ് സ്കൂളുകളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) പ്ലസ്ടു കോഴ്സുകൾ ആരംഭിച്ചിട്ടില്ലാത്ത ഏതാനും ഗവൺമെന്റ് ഹൈസ്കൂളുകളിൽ പ്രസ്തുത കോഴ്സ് അടുത്ത അദ്ധ്യയന വർഷംമുതൽ ആരംഭിക്കുന്നതിനായി ഗവൺമെന്റ് ഒരു തീരുമാനം എടുത്തിരുന്നു. എന്നാൽ പുതിയ പ്ലസ്ടു സ്കൂളുകൾ അനുവദിക്കുന്നതിനെതിരെ ഹൈക്കോടതി ഡിവിഷൻ ബഞ്ച് ഒരു സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചതിനാൽ പ്രസ്തുത തീരുമാനം നടപ്പിലാക്കാൻ സാധിച്ചില്ല. കേന്ദ്ര സർക്കാരിൽനിന്നുള്ള അനുമതിയും വിഹിതവും ലഭിച്ചെങ്കിൽ മാത്രമേ പുതിയ വി.എച്ച്.എസ്.ഇ. കോഴ്സുകൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. പുതിയ വി.എച്ച്.എസ്.ഇ. കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള അനുമതിയും വിഹിതവും ഇതുവരെ സംസ്ഥാനത്തിന് ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് തീരുമാനമെടുക്കുന്നതാണ്.

(ബി) വ്യക്തമായ ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പ്ലസ്ടു കോഴ്സുകൾ അനുവദിക്കുന്നത്. സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ അതിലൊരു പ്രധാന ഇനമാണ്.

(സി) ഗവൺമെന്റ് സ്കൂളുകളിലെ ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ധനസഹായം ഇപ്പോൾതന്നെ സർക്കാർ നൽകുന്നുണ്ട്. ഇത് ഭാവിയിലും തുടരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly